കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 11 - 825/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/11/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 11 - 825/2024 തീയ്യതി: 04/11/2024

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ ബി.	ഡെപ്യൂട്ടി ഡയറക്ടർ	21-08-2024	31-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2024	31-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എസ്.പവനനാഥൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ പോൾ വി ജെ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ശ്രീകുമാർ എസ്	അസി.സെക്രട്ടറി	01-04-2023	31-07-2023
ശ്രീ ദിലീപ്കുമാർ റ്റി(ഹെഡ് ക്ലർക്ക്)	അസി.സെക്രട്ടറി	01-08-2023	31-08-2023

ശ്രീ സുഭാഷ് ബാബു ബി	അസി.സെക്രട്ടറി	01-09-2023	31-03-2024
ഡോ അഗസ്റ്റിൻ എൽ	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	01-04-2023	10-04-2023
ഡോ ദീപ ബി	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	11-04-2023	03-05-2023
ഡോ അഗസ്റ്റിൻ എൽ	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	04-05-2023	06-07-2023
ഡോ ധന്യ ആർ തങ്കം	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	07-07-2023	23-01-2024
ഡോ അഗസ്റ്റിൻ എൽ	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	24-01-2024	27-01-2024
ഡോ ധന്യ ആർ തങ്കം	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	28-01-2024	05-02-2024
ഡോ അഗസ്റ്റിൻ എൽ	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	06-02-2024	31-03-2024
ഡോ അഖില എസ്	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2023	31-03-2024
ഡോ പ്രഭാവതി റ്റി ജി	വെറ്ററിനറി സർജൻ	01-04-2023	03-10-2023
ഡോ അർച്ചന എസ് നായർ	വെറ്ററിനറി സർജൻ	04-10-2023	31-03-2024
ശ്രീമതി എബി ബാബു	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ഉഷ ആർ	അസിസ്റ്റന്റ് എൻജിനീയർ	01-04-2023	15-06-2023
ശ്രീമതി പാർവ്വതി ദാസ്	അസിസ്റ്റന്റ് എൻജിനീയർ	16-06-2023	19-07-2023
ശ്രീമതി രമ്യ കെ ആർ	അസിസ്റ്റന്റ് എൻജിനീയർ	20-07-2023	31-03-2024
ശ്രീ സണ്ണി കെ പി	എച്ച് .എം ഗവ.യു.പി.എസ്.	01-04-2023	31-03-2024
ശ്രീമതി ദേവു വി വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
കുമാരി ഗീത ബി എൽ	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	01-04-2023	16-09-2023
ശ്രീ സന്ദീപ് വി	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	17-09-2023	22-09-2023
ശ്രീ യദു ആർ	വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	23-09-2023	31-03-2024
ശ്രീ അഖിൽ പ്രസാദ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി പൂജ ചിത്ര	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	31-03-2024
ഡോ.ബാലലക്ഷ്മി.വി	മെഡിക്കൽ ഓഫിസർ(ഹോമിയോ)	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക കണക്കുകളിൽ എല്ലാപത്രികകളും ഉൾപ്പെടുന്നില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ആസ്തിരജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല	1-1-2
4	ഡിമാൻഡ് നിയമാനുസൃതം ഉൾപ്പെടുത്തുന്നില്ല	1-1-3
5	സർക്കാരിലേക്ക് ഒടുക്കുവാനുള്ള കുടിശ്ശിക നിരീക്ഷിക്കപ്പെടുന്നില്ല	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമപദ്ധതികൾ	1-7
12	ക്യാഷ് ബാലൻസ് പരിശോധന	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങളിൽ നികുതി വർദ്ധനവ് ഉൾപ്പെടുത്തിയില്ല	1-10
15	മേൽത്തരം തറനിർമ്മിതി പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചത് വഴി നഷ്ടം	1-11
16	അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവറിനെ വസ്തുനികുതി ചുമത്തിയില്ല	1-12
17	ടവർ നിർമ്മാണം -വസ്തുനികുതി ചുമത്തിയില്ല	1-13
18	വൈറ്റ്ലേബൽ ATM കിയോസ്ക്- അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല	1-14
19	ടൂറിസം രംഗത്തുള്ള നിർമ്മിതികൾ വരുമാനദായകമാകുന്നില്ല	1-15
20	വസ്തുനികുതി -അധിക നിർമ്മാണങ്ങളുടെ ഫീൽഡ് തല സർവ്വെ- തുടർനടപടികൾ വേഗത്തിലാക്കണം	1-16
21	തൊഴിൽ നികുതി - എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല	1-17
22	ലൈസൻസ്- പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ.	1-18
23	മുട്ടത്ത് മണ്ണേൽഫിഷ് ലാന്റിംഗ് സെന്റർ -ലേല നടപടികളിലൂടെ വരുമാനദായകമാക്കുന്ന നടപടികൾ ഊർജ്ജിതമല്ല	1-19
24	ഡ്യൂസ് ടു ഗവൺമെന്റ് എന്ന നിലക്ക് ബാധ്യതയായി കൈപ്പറ്റിയ തുകകൾ സർക്കാരിലേക്ക് ഒടുക്കിയില്ല	1-20
25	സ്വകാര്യ വ്യക്തിയുടെ കെട്ടിടനിർമ്മാണം-ഡ്രെയിനേജും കവറിംഗ് സ്ലാബും തകർന്നു-നഷ്ടം ഈടാക്കിയില്ല	1-21
26	മെൻസ്ട്രുവൽ കപ്പ് വിതരണ പദ്ധതി - വിതരണം പൂർത്തിയായില്ല	1-22
27	ഷട്ടർ മെയിന്റനൻസ് പ്രവർത്തി നടപ്പായില്ല – വേലിയേറ്റത്തിൽ പ്രദേശത്ത് ഉപ്പ് വെള്ളം കയറുന്നു	1-23
28	അങ്കണവാടികൾക്ക് പ്രഷർ കുക്കർ, നെയിം ബോർഡ് വാങ്ങൽ- വിതരണ രേഖകളിൽ അവ്യക്തത	1-24
29	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-25
30	ജലജീവൻ മുഖേന പൈപ്പ് ലൈൻ സ്ഥാപിക്കൽ- റിസ്റ്റൊറേഷൻ പ്രവൃത്തികൾ വൈകുന്നു	1-26
31	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-27
32	മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല	1-28
33	കൃത്യമായ ബില്ലിന്റെ അഭാവത്തിൽ ഭക്ഷണത്തിനുള്ള തുക അനുവദിക്കുന്നു	1-29
34	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം	1-30
	ഭാഗം 2	

1	മേൽത്തരം തറ നിർമ്മിതി പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് വഴി നഷ്ടം	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 വാർഷിക കണക്കുകളിൽ എല്ലാപത്രികകളും ഉൾപ്പെടുന്നില്ല

സ്ഥാപനത്തിന്റെ 2023-24 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ വാർഷിക കണക്കിനൊപ്പം റേഷ്യോ സംബന്ധിച്ച പത്രിക, നോട്ട്സ് ഓൺ അക്കൌണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.05.2024 ലെ 8(1)നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.06.2024 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ആസ്തിരജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല

ആസ്തിരജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ അസറ്റ് ഹെഡ്ഡിൽ ഉൾപ്പെടുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

1-1-3 ഡിമാൻഡ് നിയമാനുസൃതം ഉൾപ്പെടുത്തുന്നില്ല

വസ്തുനികുതി, ട്രേഡേഴ്സ് തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങി അക്രൂവൽ എൻട്രി ഉൾപ്പെടുന്ന വരവിനങ്ങളുടെ ഡിമാൻഡ് വാർഷിക കണക്കുകളിൽ വർഷാരംഭത്തിൽ ഉൾപ്പെടുത്തുന്നില്ല.

1-1-4 സർക്കാരിലേക്ക് ഒടുക്കുവാനുള്ള കുടിശ്ശിക നിരീക്ഷിക്കപ്പെടുന്നില്ല

സർക്കാരിലേക്ക് ഒടുക്കുവാനുള്ള കുടിശ്ശികതുകകളുടെ കൃത്യത നിരീക്ഷിക്കപ്പെടുന്നില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 21.03.2023 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് 12.02.2024 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	22,00,12,855	21,56,69,700
പുതുക്കിയ ബജറ്റ്	21,92,37,855	21,76,62,200
വാർഷിക കണക്ക് പ്രകാരം	12,43,12,604	12,41,60,617

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,53,58,701
വരവ്	26,17,34,349
ആകെ	27,70,93,050
ചെലവ്	26,12,64,537
നീക്കിയിരിപ്പ്	1,58,28,513

1-4 ഫണ്ട് വിനിയോഗം

ക്രമ നമ്പർ	ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ് (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെ)	നീക്കിബാക്കി/ലാപ്സായ തുക
1	വികസന ഫണ്ട്-പൊതുവിഭാഗം	0	1,28,83,000	1,28,83,000	1,11,88,000	16,95,000
2	വികസന ഫണ്ട്-എസ്.സി.പി	0	59,60,000	59,60,000	50,43,650	9,16,350
3	സംരക്ഷണ ഗ്രാന്റ്-റോഡ്	0	64,11,350	64,11,350	19,34,289	44,77,061
4	സംരക്ഷണ ഗ്രാന്റ്-നോൺ റോഡ്	0	47,81,400	47,81,400	47,07,416	73,984
5	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്					
	ടൈഡ്(ബാങ്ക്)	4,46,978	16,00,000	20,46,978	20,46,978	0
	അൺടൈഡ്(ബാങ്ക്)	5,03,341	2133000+29200	26,65,541	20,66,723	5,98,818

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
155	10,68,94,713	94	4,56,68,112	18	43	60.64

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	8,409	5,05,629	5,14,038	5,12,604	1434
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	3,60,46,873	3,60,46,873	3,60,46,873	0
ആകെ	8,409	3,65,52,502	3,65,60,911	3,65,59,477	1434

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	83,280	61
കർഷകതൊഴിലാളി പെൻഷൻ	28,21,600	246
വിധവാപെൻഷൻ	81,97,700	778
വാർദ്ധക്യകാലപെൻഷൻ	1,92,88,300	2051
വികലാംഗപെൻഷൻ	26,76,900	243
അവിവാഹിതപെൻഷൻ	4,27,400	42
വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	60,000	2

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.08.2024 തീയതിയിൽ 03:30 PM സമയത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 10,739/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

2) വസ്തുനികുതി -അധിക നിർമ്മാണങ്ങളുടെ ഫീൽഡ് തല സർവ്വെ തുടർനടപടികൾ ഗ്രാമ പഞ്ചായത്ത് പൂർത്തീകരിച്ചിട്ടില്ല.

3) മുട്ടത്ത് മണ്ണേൽഫിഷ് ലാന്റിംഗ് സെന്റർ ലേല നടപടികൾ സ്വീകരിക്കുന്നുവെങ്കിലും തുടർവർഷങ്ങളിൽ വരുമാനദായകമാകുന്നില്ല. നിയമത്തിന്റെ പിൻബലത്തോടുകൂടി നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആസ്തി സംരക്ഷിക്കുന്നതിനും വരുമാനസ്രോതസ്സ് ആക്കിമാറ്റുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

4) ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) CRZ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുള്ള നിർമ്മാണങ്ങൾ ആകയാൽ ടൂറിസം അടിസ്ഥാനമാക്കിയുള്ള ഗ്രാമ പഞ്ചായത്തിലെ വാണിജ്യസ്ഥാപനങ്ങൾ പഞ്ചായത്തിന് വരുമാനദായകമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം

കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങളിൽ നികുതി വർദ്ധനവ് ഉൾപ്പെടുത്തിയില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും ബാധകമാക്കേണ്ട ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടങ്ങളിലെ ചട്ടം-17(1)). കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും ചട്ടം 12(6) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലസന്ദർശനം നടത്തി കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളിൽ കേന്ദ്രീകൃത ശീതീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-6/24.08.2024 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് അറിയച്ചിട്ടുണ്ട് . എന്നാൽ സഞ്ചയ വസ്തുനികുതി ഡേറ്റാബേസിൽ കേന്ദ്രീകൃത ശീതികരണസംവിധാനത്തിന് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് ബാധകമാക്കി വസ്തുനികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമയുടെ പേര്	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ)	സ്ഥാപനത്തിന്റെ പേര്	അടിസ്ഥാന വസ്തുനികുതി	ചുമത്തപ്പെടേണ്ടിയിരുന്ന വർദ്ധനവ്
ജയശ്രീ JK ടവർ അഞ്ജലി പ്രയാർ നോർത്ത്	4/427 A	165.54	ഫെഡറൽ ബാങ്ക്, പുതുപ്പള്ളി	12415.5	1241.55
വി.മജീദ് മനയമനക്കാട്	4/511*	1160	വാവാസ് ഓഡിറ്റോറിയം	34800	3480
ആകെ					4721.55

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ നിരവധി കെട്ടിടങ്ങളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരമുള്ള നികുതി നഷ്ടം ഉണ്ടാകുവാനുള്ള സാഹചര്യമുണ്ട്, വസ്തുനികുതി നിർണ്ണയത്തിന് ശേഷം ബാങ്കുകൾ, റസ്റ്ററന്റുകൾ, സൂപ്പർമാർക്കറ്റുകൾ തുടങ്ങി നിരവധി കെട്ടിടങ്ങളിൽ കേന്ദ്രീകൃത ശീതീകരണ സംവിധാനം ഏർപ്പെടുത്താനുള്ള സാഹചര്യവും അത് ഗ്രാമപഞ്ചായത്തിൽ അറിയിക്കപ്പെടാതിരിക്കുവാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് (കേരള പഞ്ചായത്ത് രാജ്-കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21) നടത്തി കുറഞ്ഞ നികുതി ചുമത്തപ്പെട്ട സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

(കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിൽ മറ്റ് വർദ്ധനവുകളും ഉൾപ്പെടുത്തിയില്ല. ഖണ്ഡിക നം- 1-11 കൂടി കാണുക)

1-11 മേൽത്തരം തറനിർമ്മിതി പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചത് വഴി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം-6 പട്ടിക 6 പ്രകാരം 250 ച.മീറ്ററിലധികം മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ 250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള ചുവടെ ചേർക്കുന്ന വാണിജ്യാവശ്യ കെട്ടിടങ്ങളെ മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അനുസൃതമായ നികുതി വർദ്ധനവ് നൽകുവാനാകാത്തത് ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കുന്നുണ്ട്. ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമയുടെ പേര്	കെട്ടിട നം. ഉപയോഗക്രമം	വിസ്തൃതി (ച.മീ)	അടിസ്ഥാന വസ്തുനികുതി	ഉൾപ്പെടുത്തേണ്ട വർദ്ധനവ്
1	വിശാന്ത് വി., കൺമണിയിൽ	3/72 A വാണിജ്യാവശ്യം	276.93	20769.75	3115.458
2	വിശാന്ത് വി., കൺമണിയിൽ	3/72 B* വാണിജ്യാവശ്യം	193	14475	2171.25
3	വി.മജീദ്, മനയമനക്കാട്	4/511 ഓഡിറ്റോറിയം	1160	34800	5220
					10506.708

കെട്ടിടങ്ങളുടെ തറനിർമ്മിതി സംബന്ധിച്ച് ഫീൽഡ് തല പരിശോധന നടത്തി ഈ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചാണെന്നും വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കുന്നതാണെന്നും റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 18 /30.08.2024)

(ക്രമ നം-1, 2 എന്നിവ ഒരു കെട്ടിടത്തിന്റെ ഭാഗവും ഒരേ ഉപയോഗക്രമവുമാണ്. ഉടമയുടെ ആവശ്യപ്രകാരം വ്യത്യസ്ത നമ്പരുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 250 ച.മീറ്ററിൽ കുറവുള്ള 3/72 B ക്ക് മേൽത്തരം തറ നിർമ്മിതി ഡേറ്റാബേസിൽ ഉൾപ്പെടുത്തിയാലും വർദ്ധനവ് ഉൾപ്പെട്ട് സോഫ്റ്റ് വെയറിൽ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യമുണ്ട്. വിഷയം IKM അധികാരികളുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ്.)

വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം കുറവ് വന്ന തുക 10,507/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-12 അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവറിനെ വസ്തുനികുതി ചുമത്തിയില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം മൊബൈൽ ടവറിന്റെ മുഴുവൻ ഭാഗങ്ങളും വസ്തുനികുതി ചുമത്തപ്പെടുന്നുണ്ടോയെന്നും പരിശോധിച്ചുറപ്പിക്കേണ്ടതുണ്ട്.

<u>വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു</u>

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് ഫീൽഡ് തല പരിശോധന നടത്തി ചുവടെ ചേർക്കുന്ന മൊബൈൽ ടവർ നികുതി ചുമത്തപ്പെടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്രമ നം.	സർവ്വീസ് പ്രൊവൈഡറുടെ പേര്	ടവർ സ്ഥിതി ചെയ്യുന്ന സ്ഥല ഉടമയുടെ പേര്
1	ബി.എസ്.എൻ.എൽ.	അനിതതമ്പാൻ, രജനി, പുതുപ്പള്ളി വടക്ക്,

		പുതുപ്പള്ളി പി.ഒ.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മൊബൈൽ ടവറിനെ വസ്തുനികുതി ചുമത്തി ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-13 ടവർ നിർമ്മാണം -വസ്തുനികുതി ചുമത്തിയില്ല

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിനായി 2 ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിനെ സമീപിക്കുകയും ഇന്റിമേഷൻ നൽകി അപേക്ഷാ ഫീസ് ഒടുക്കുകയും ചെയ്തു. എന്നാൽ ടവർ നിർമ്മാതാക്കൾ പൂർത്തീകരണ സാക്ഷ്യപത്രം നൽകി വസ്തുനികുതി നിർണ്ണയത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നാണ് ഗ്രാമപഞ്ചായത്ത് 23.08.2024 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-3)മറുപടിയിൽ അറിയിച്ചത്. ഇന്റിമേഷൻ നൽകി നിർമ്മാണം ആരംഭിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	രസീത് നം.	ഇന്റിമേഷൻ സമർപ്പിച്ച സ്ഥാപനം
06.07.2023	1230100779	Summit Digiitel Infrastructure Private Limited
16.09.2023	1230101223	Summit Digiitel Infrastructure Private Limited

ഫീൽഡ് തല പരിശോധന നടത്തി, ടവറുകളെ വസ്തുനികുതി ചുമത്തി ഫോറം -6 ന്റെ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-14 വൈറ്റ്ലേബൽ ATM കിയോസ്കു- അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല

റിസർവ്വ് ബാങ്കിന്റെ നിയമപ്രകാരം നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ATM കളാണ് വൈറ്റ് ലേബൽ ATM. ഗ്രാമ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന കായംകുളം- പ്രയാർ റോഡിൽ ഗോവിന്ദമുട്ടം എന്ന സ്ഥലത്ത് ഹിറ്റാച്ചി എന്ന കമ്പനിയുടെ ഒരു വൈറ്റ് ലേബൽ ATM സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. 3.24 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള കിയോസ്ക് സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 16/23-24 നുള്ള മറുപടി). എന്നാൽ ഇതിന് വസ്തുനികുതി ചുമത്തിയിട്ടില്ല. കെട്ടിട ഉടമക്ക് നോട്ടീസ് നൽകി നിർമ്മാണത്തെ ക്രമവൽക്കരിച്ച് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-15 ടൂറിസം രംഗത്തുള്ള നിർമ്മിതികൾ വരുമാനദായകമാകുന്നില്ല

ടൂറിസം സാധ്യതകളുള്ള പഞ്ചായത്തുകളിൽ ഹോം സ്റ്റെ, റിസോർട്ടുകൾ, റസ്റ്റോറന്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവ മറ്റ് ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തപ്പെട്ടവയോ ശരിയായ ഉപയോഗക്രമത്തിൽ വസ്തുനികുതി പുനനിർണ്ണയിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്നുള്ളത് വസ്തുനികുതി ശോഷണത്തിന് കാരണമാകുന്നുണ്ട്. CRZ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചാണ് ഇവയുടെ നിർമ്മാണം എന്നതിനാൽ ഈ വാണിജ്യസ്ഥാപനങ്ങൾ പഞ്ചായത്തിന് വരുമാനദായകമാക്കപ്പെടുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ട ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1 ലേക്ക് ബേ റിസോർട്ട്

അശ്വതി അരുൺ, ലേക്ക് ബേ, പുതുപ്പള്ളി വടക്ക് എന്ന ഉടമയുടെ പേരിൽ, 14/59 എന്ന നമ്പരിലുള്ള 29.64 ച.മീറ്റർ വിസ്തൃതിയുള്ള താമസാവശ്യകെട്ടിടത്തോട് ചേർന്നുള്ള അനധികൃതനിർമ്മാണം നടത്തിയിട്ടുണ്ട്. നിലവിൽ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിന്റെ മുൻപിൽ കുടിശ്ശികയായിട്ടില്ല. CRZ III, CRZ1(B) എന്നീ പരിധിയിൽ ഉൾപ്പെടുന്നു.

2. സീ ലാന്റ് റിസോർട്ട്

വിദ്യാധരൻ, സുജിത്ത്, സുജിൻ, പ്രാദേശികത്ത്, പുതുപ്പള്ളി എന്ന ഉടമകളുടെ പേരിൽ, 1/519 എന്ന നമ്പരുള്ള 9 ച.മീറ്റർ വിസ്തൃതിയുള്ള ഒരുവാണിജ്യാവശ്യ കെട്ടിടം സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ സ്ഥലത്ത് 119.6 ച.മീറ്റർ വിസ്തൃതിയുള്ള ഇരുനില കെട്ടിടവും കായലോരത്തോട് ചേർന്നുള്ള ഹട്ടുകളും ഉൾപ്പെടുന്ന അനധികൃത നിർമ്മാണം നിലവിൽ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിന്റെ മുൻപിൽ കുടിശ്ശികയായില്ല. CRZ 1(A),1(B), III എന്നീ പരിധിയിൽ ഉൾപ്പെടുന്നു.

ഈ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഉടമകൾ പഞ്ചായത്ത് മുഖാന്തിരം കേരള കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയിൽ അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് ഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.13/27.08.2024)

1-16 വസ്തുനികുതി -അധിക നിർമ്മാണങ്ങളുടെ ഫീൽഡ് തല സർവ്വെ- തുടർനടപടികൾ വേഗത്തിലാക്കണം

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും)ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞവിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. ഉ (കൈ)77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കൂടി കാണുക). എന്നാൽ ഇപ്രകാരമുള്ള ജോലികൾ നിലവിൽ പൂർത്തിയാക്കി സഞ്ചയ ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന ചോർച്ചക്ക് കാരണമായി.

ആകെയുള്ള 15 വാർഡുകളിൽ 13 എണ്ണത്തിന്റെയും ഫീൽഡ് തല സർവ്വെ നടത്തി വിവരശേഖരണം പൂർത്തീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ഒന്നും അഞ്ചും വാർഡുകളുടെ വിവരശേഖരണം മാത്രമാണ് പൂർത്തീകരിക്കപ്പെടാനുള്ളത്. വാർഡുകളുടെ ഫീൽഡ് തല റിപ്പോർട്ട് കാര്യക്ഷമമായി തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൈവരിച്ച പുരോഗതി അഭിനന്ദനാർഹമാണ്. വാർഡുകളുടെ വിവരശേഖരണം പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി - എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കപ്പെട്ട സാഹചര്യവും നിലനിൽക്കുന്നു.

1)6/252 A എന്ന കെട്ടിടനമ്പരിൽ പ്രവർത്തിക്കുന്ന ഫ്യൂവൽ സ്റ്റേഷനിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ക്ഷീരോത്പാദനമേഖലയിലെ പദ്ധതി പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന ചുവടെ ചേർക്കുന്ന ക്ഷീരസംഘങ്ങളെയും ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്കും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ചുമത്തിയിട്ടില്ല. പട്ടിക ചുവടെ ചേർക്കുന്നു.

A) ദേവികുളങ്ങര ക്ഷീരോത്പാദക സഹകരണ സംഘം

B) പ്രയാർ വടക്ക് ക്ഷീരോത്പാദക സഹകരണ സംഘം

C) ഗോവിന്ദമുട്ടം ക്ഷീരോത്പാദക സഹകരണ സംഘം

3) ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

A) ശ്രീ.രാജേന്ദ്രൻ തമ്പി

B) ബിജു

C) ബൈജു
D) അനിൽകുമാർ

4) ഗ്രാമപഞ്ചായത്തിലെ മണപ്പള്ളി ശാസ്താക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2023-24 വർഷം തൊഴിൽ നികുതി ചുമത്തിയിട്ടില്ല. ഇവിടെ ദിവസ വേതന അടിസ്ഥാനത്തിലാണ് ആളുകളെ ജോലിക്ക് നിയോഗിച്ചിട്ടുള്ളതെന്നാണ് ഇത് സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം. 14/30.08.2024) മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ടി ക്ഷേത്രം ഉൾപ്പെടുന്ന ഗ്രൂപ്പിൽ നിന്നും ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കി തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ലൈസൻസ്- പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ.

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ, ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ- 22/2023-24 തീയതി 31.08.24)

1)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.

പഞ്ചായത്ത് പ്രദേശത്ത് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുള്ള സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയ ലിസ്റ്റാണ് നിലവിൽ സൂക്ഷിച്ചിരിക്കുന്നത്. തൻമൂലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

2)ലൈസൻസ് ഫീ ഒടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിശദാംശം
1)	ദേവികുളങ്ങര ക്ഷീരോത്പാദക സഹകരണ സംഘം
2)	പ്രയാർ വടക്ക് ക്ഷീരോത്പാദക സഹകരണ സംഘം
3)	മാവേലി സ്റ്റോർ, ദേവികുളങ്ങര

3)റേഷൻ റീട്ടെയിൽ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ))-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഒരു റേഷൻഷോപ്പിൽ നിന്ന് മാത്രമാണ് ലൈസൻസ് ഫീസ്, ഈടാക്കിയിട്ടുള്ളത്. നിലവിലെ ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2023-24 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ്

നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നോയെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-19 മുട്ടത്ത് മണ്ണേൽഫിഷ് ലാന്റിംഗ് സെന്റർ -ലേല നടപടികളിലൂടെ വരുമാനദായകമാക്കുന്ന നടപടികൾ ഊർജ്ജിതമല്ല

2015 വർഷം നിർമ്മാണം പൂർത്തിയാക്കിയ മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ ഔപചാരികമായി 26.8.2015 ഉദ്ഘാടനം നടത്തിയിട്ടുള്ളതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മാണം നടത്തിയ പ്രസ്തുത സ്ഥാപനം തുറമുഖ വകുപ്പിൽ നിന്നും ഹാർബർ എൻജിനിയറിംഗ് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ(38/c/09/AE 2) 17.06.2016 തീയതിയിൽ കരുനാഗപ്പള്ളി സബ് ഡിവിഷൻ മുഖേന ഗ്രാമ പഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട്.

മത്സ്യലേലം നടത്തുന്നതിന് ആവശ്യമായ തരത്തിൽ ടൈൽസ് പാകി വൃത്തിയും വെടിപ്പും ഉള്ള യാർഡും അനുബന്ധമായി സാധനങ്ങൾ സൂക്ഷിക്കുവാനും ഉള്ള സ്റ്റോർ മുറിയും വിശ്രമമുറിയും കൂടാതെ മറ്റൊരു കെട്ടിടത്തിൽ ശുചിമുറിസംവിധാനങ്ങളും ഈ നിർമ്മിതിയിൽ ഉൾപ്പെടുന്നു. കായൽ കടൽ മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യ വിഭവങ്ങൾ യഥേഷ്ടം സൂക്ഷിക്കാനും, വിൽപന നടത്താനും, വിതരണം നടത്താനും സാദ്ധ്യമായ തരത്തിലാണ് നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്.

31.01.2017 തീയതിയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 5-ാം നമ്പർ തീരുമാന പ്രകാരം സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി കരട് ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിൽ അപാകത ഉണ്ടെന്നും പരിഹരിച്ച് ബൈലോ പുനർ സമർപ്പിക്കുവാൻ 29.04.2021 ലെ PAN/12567/2019/C2(DP) ഡയറക്ടർ കത്ത് പ്രകാരം ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് 28.11.22 ലെ തീരുമാനനമ്പർ 23 പ്രകാരം പുതുക്കിയ കരട് ബൈലോ സമർപ്പിച്ചു. പുതുതായി തയ്യാറാക്കിയ കരട് ബൈലോയിൽ ആക്ഷേപങ്ങളും, അഭിപ്രായങ്ങളും സമർപ്പിക്കുന്നതിന് 30 ദിവസം നൽകി നോട്ടീസ് പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങളെ ബോധ്യപ്പെടുത്തിയിരുന്നു. പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ (റൂറൽ) 15.06.23 തീയതിയിലെ LSGD/PD/344486/2023-AR2/K Dis- ഉത്തരവ് പ്രകാരം ഫിഷ് ലാന്റിംഗ് സെന്റർ ബൈലോ അധികൃതർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്പോഴും മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ ലേല നടപടികൾ കൃത്യമല്ല.

2023-24 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ ലേലനടപടിയ്ക്ക് വിധേയമാക്കിയിരുന്നു എന്ന് കാണുന്നു.

നടപടികൾ പൂർത്തിയാക്കിയത് സെപ്റ്റംബർ മാസത്തിലാണ്. ആദ്യം ലേലം നടത്തി ലേലം കൊള്ളാൻ ആളില്ലാതെ വന്ന സാഹചര്യത്തിൽ പിന്നീട് പുനർലേലവും നടത്തിയെങ്കിലും ലേലത്തിന് ആരും മുന്നോട്ട് വരാഞ്ഞ സാഹചര്യത്തിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച പ്രകാരം 29.09.2024 തീയതിയിൽ 2പേർ പങ്കെടുത്തതിൽ റോഷൻ മാത്യു പി.സാമുവൽ, കാണാവിൽ, പുതുപ്പള്ളി എന്ന വ്യക്തിക്ക് 1,41,000/-രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകുകയും ലേല തുകയും, തുകയുടെ 18% ജി.എസ്.ടി. യും ഈടാക്കി ഫിഷിംഗ് സെന്റർ കൈമാറിയിട്ടുണ്ട്. ലേല നടപടികൾ പൂർത്തിയാക്കി സാമ്പത്തിക വർഷാരംഭമായ ഏപ്രിൽ 1 മുതൽ വരുമാനദായമാക്കാവുന്ന നടപടികൾക്ക് കാല താമസം വന്നിട്ടുണ്ടെന്ന് ലേല രേഖകളുടെ പരിശോധനയിൽ ബോധ്യമായി. ലേല നടപടികൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്ന ഈ കാലഘട്ടമത്രയും ഗ്രാമപഞ്ചായത്തിന് നിയമാനുസൃതം ആരെയെങ്കിലും ചുമതലപ്പെടുത്തി യൂസർ ഫീ ഈടാക്കുകയോ, ഉചിതമായ മാർഗ്ഗത്തിലൂടെ വരുമാനം ലഭിക്കുന്നതിനായി മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് വർഷത്തെ ലേല നടപടിയിൽ കാലതാമസം വന്ന സാഹചര്യത്തിൽ തുടർന്നുള്ള 2024-25 സാമ്പത്തിക വർഷം കൂടി പരിശോധിച്ചപ്പോഴും പ്രസ്തുത നിർമ്മിതി ലേലം നടപടികൾക്കും, പുനർലേലത്തിനും വിധേയമാകുന്നുവെങ്കിലും ആരും കൈക്കൊള്ളാൻ തയ്യാറാവില്ലെന്നുള്ള കാര്യം മനസ്സിലാവുന്നു.

പ്രാദേശിക പരിശോധനയിൽ അധികൃതരുടെ ശ്രദ്ധക്കുറവ് കാരണം ഫിഷ് ലാന്റിംഗ് സെന്റർ നിലവിൽ അനാഥമായി തുടരുന്നതായി കാണുന്നു. സ്ഥാപനത്തിലേക്ക് പോകുന്ന വഴി സുഗമമായ യാത്രക്ക് അനുചിതമല്ലാതെയും കെട്ടിടത്തിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാതെയും ശുചിമുറികൾ വെള്ളമില്ലാത്തത് കാരണം വൃത്തിഹീനവുമായ അവസ്ഥയിലാണ്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയുക്തമായ തരത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ നിലകൊള്ളുന്നവെന്ന് കാഴ്ചയിൽ തന്നെ മനസ്സിലാകും. ഇത്തരത്തിൽ തുടർന്നാൽ ഇത് വൈകാതെ തന്നെ നാശോന്മുഖമാവുന്നതാണ്.

മേൽ വിഷയങ്ങളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (**ഓഡിറ്റ്** അന്വേഷണം നം. 20/2024-31.08.24) ലഭ്യമാക്കിയ മറുപടിയിൽ മത്സ്യ തൊഴിലാളികളികളുടെ ഇടയിലുള്ള തർക്കമാണ് നല്ലൊരു വിഭാഗം തൊഴിലാളികളും ഫിഷിങ്ങ് ലാന്റിങ്ങ് സെന്ററിൽ വള്ളം അടുപ്പിക്കാത്തതെന്ന് അറിയിച്ചു. ലേലം കൈക്കൊള്ളുന്നവർക്ക് ഫിഷ് ലാന്റിംഗ് സെന്ററിൽ വള്ളം അടുക്കാതെ വരുന്നത് വലിയ നഷ്ടം ഉണ്ടാകാൻ കാരണമാകുന്നു.

പ്രാദേശികമായ തൊഴിലാളികൾ തമ്മിൽ നിലനിൽക്കുന്ന സംഘടനപരമായ പ്രശ്നങ്ങൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഇടപെട്ട് പരിഹരിക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളികൾക്കും ഗ്രാമപഞ്ചായത്തിനും അത് വലിയ നേട്ടമാകും. വൈദ്യുതീകരണത്തിന് പദ്ധതികൾ അടിയന്തിരമായി രൂപീകരിച്ചും തനത് വരുമാനത്തിന് പൊതുവെ സാദ്ധ്യത കുറവായ ഈ ഗ്രാമപഞ്ചായത്തിന് മത്സ്യബന്ധനം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ നിന്നും മാത്രമേ വരുമാന സാദ്ധ്യത സാധ്യമാകൂ എന്ന യാഥാർത്ഥ്യം അധികൃതർ മനസ്സിലാക്കി തൊഴിലാളി സംഘടനകളിലെ പ്രശ്നം ഉചിതമായ നടപടികളിലൂടെ സമവായം ഉണ്ടാക്കി പരിഹരിച്ച് ഫിഷ് ലാന്റിങ്ങ് സെന്റർ പ്രവർത്തനസജ്ജമാക്കണമെന്ന നിർദ്ദേശം ഓഡിറ്റ് മുന്നോട്ട് വെയ്ക്കുന്നു.

1-20 ഡ്യൂസ് ടു ഗവൺമെന്റ് എന്ന നിലക്ക് ബാധ്യതയായി കൈപ്പറ്റിയ തുകകൾ സർക്കാരിലേക്ക് ഒടുക്കിയില്ല

വാർഷിക കണക്കുകളിലെ ഋണശീർഷ കണക്കുകൾ പ്രകാരം കൈപ്പറ്റിയ തുകകളിൽ ചിലത് ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഒടുക്കാതെ നിലവിലും ബാധ്യതയായി തുടരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ് 350400109 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള 1,36,700 രൂപയും ഹെഡ് കോഡ് 350300199 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള 4,945 രൂപയും സർക്കാരിലേക്ക് ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	ഹെഡ് കോഡ്	ഒടുക്കിയ തുക	വിവരണം
31.08.2015	350400109	5,000	ഓഡിറ്റ് റിക്കവറി

			2007-08 ഖ.3-13 സി
23.07.2019	350400109	45,200	ലൈഫ് ഭവനം -നിർമ്മാണം തുടങ്ങാത്തയാൾ തിരികെ ഒടുക്കിയ തുക
23.07.2019	350400109	45,200	ലൈഫ് ഭവനം -നിർമ്മാണം തുടങ്ങാത്തയാൾ തിരികെ ഒടുക്കിയ തുക
31.03.2022	350400109	40,000	ഓഡിറ്റ് റിക്കവറി സംരക്ഷണ ഗ്രാന്റ് -നോൺറോഡ്
31.03.2022	350400109	1,300	ABC പ്രോഗ്രാം അധികം നൽകിയ തുക- വികസനഫണ്ട് 2016-17
--	350300199	4,945	ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ്(FDT)

തുക ട്രഷറിയിലെ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-21 സ്വകാര്യ വ്യക്തിയുടെ കെട്ടിടനിർമ്മാണം-ഡ്രെയിനേജും കവറിംഗ് സ്ലാബും തകർന്നു-നഷ്ടം ഈടാക്കിയില്ല

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് വാർഡ് 4 ലെ ആസ്തിയായ ആഞ്ഞിലിമൂട്-ബാങ്ക് റോഡിലുള്ള ഡ്രെയിനേജും അതിന്റെ കവറിംഗ് സ്ലാബും സ്വകാര്യ വ്യക്തി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സാധന സാമഗ്രികൾ എത്തിക്കുന്നതിന് ഹെവി വാഹനം ഉപയോഗിച്ചത് മൂലം റോഡിലെ ഡ്രെയിനേജ് സിസ്റ്റം പൂർണ്ണമായി തകർന്നിരിക്കുന്നതെന്നും ആയതിനാൽ ഈ റോഡ് സഞ്ചാര യോഗ്യമല്ലാത്ത സാഹചര്യം ആണ് നിലവിലുള്ളതെന്നും തീയതിയിലെ പഞ്ചായത്ത് കമ്മറ്റികളിൽ ചർച്ച ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിക്കുണ്ടായ മൂല്യശോഷണം മൂല്യനിർണ്ണയം നടത്തിനൽകുവാൻ ധാരണ ചെയ്യുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം 2,80,000/- രൂപ ഇപ്രകാരം നഷ്ടം നിശ്ചയിച്ചു നൽകിയതായും കാണുന്നു. ടി തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.
ഇതിനു കാരണക്കാരനായ സുരേഷ് എന്ന വ്യക്തിയിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 തീയതി 31.08.2024) മറുപടി ലഭിച്ചില്ല. ഡ്രെയിനേജും സ്ലാബും പൂർവ്വസ്ഥിതിയിലാക്കി റോഡ് സഞ്ചാരയോഗ്യമാക്കാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ അനുസരിച്ച് പൊതുമുതലിനുണ്ടായ നഷ്ടം 2,80,000/- രൂപ ടി വ്യക്തിയിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 മെൻസ്ട്രുവൽ കപ്പ് വിതരണ പദ്ധതി - വിതരണം പൂർത്തിയായില്ല

പ്രോജക്ട് നം./പേര്	102/മെൻസ്ട്രുവൽ കപ്പ് വിതരണം
അടങ്കൽ	8,26,640 (വികസന ഫണ്ട്)
ചെലവ്	64,500
സാങ്ഷൻ നം.	242/01.02.2024
നിർവ്വഹണം	മെഡിക്കൽ ഓഫിസർ, എഫ്.എച്ച്.സി

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മെൻസ്ട്രുവൽ കപ്പ് വിതരണ പദ്ധതിയ്ക്കായി HLL Life Care Ltd. എന്ന സ്ഥാപനത്തിൽ നിന്നും പ്രൊഫോർമ ഇൻവോയിസ് നം. 246/18.01.2024 ന്റെ അടിസ്ഥാനത്തിൽ 215 മെൻസ്ട്രുവൽ കപ്പുകൾ 300/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.

വിതരണ രേഖകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.5 / 23-24/24.08.24 നല്കിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 21.03.2024 ൽ 82 പേർക്ക് കപ്പുകൾ നല്കിയിട്ടുണ്ട്. തുടർന്ന് രേഖപ്പെടുത്തലുകൾ ഒന്നുമില്ല. ആകെ വാങ്ങിയ 215 കപ്പുകളിൽ വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന 133 കപ്പുകളുടെ വിലയായ 39,900/-രൂപ(133 X 300) തടസ്സപ്പെടുത്തുന്നു. വിതരണം പൂർത്തിയാക്കി രേഖകൾ ലഭ്യക്കേണ്ടതാണ്.

1-23 ഷട്ടർ മെയിന്റനൻസ് പ്രവർത്തി നടപ്പായില്ല – വേലിയേറ്റത്തിൽ പ്രദേശത്ത് ഉപ്പ് വെള്ളം കയറുന്നു

പ്രോജക്ട് നം. /പേര്	144/ശുദ്ധ ജല സംരക്ഷണത്തിനുള്ള ഷട്ടറുകളുടെ മെയിന്റനൻസ്
അടങ്കൽ	1025400(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെക്ക് നം.0063005-തീയതി 27.03.2024 -51,600/-രൂപ (തനതു ഫണ്ട്)
ചെലവ്	10,77,000
സാങ്ഷൻ നം. /തീയതി	341/22.03.24-650000 441/27.03.24-375400 0063005/27.03.2024 -51600(തനതു ഫണ്ട്)
നിർവ്വഹണം	സെക്രട്ടറി

ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറ് മേഖലയിൽ കായലിനോട് അനുബന്ധമായി കിടക്കുന്ന സ്ഥലങ്ങളിൽ വേലിയേറ്റ സമയത്ത് ഉപ്പ് വെള്ളം കയറി പ്രദേശത്തെ ശുദ്ധ ജല സ്രോതസ്സുകൾ മലിനമാകുന്നതു തടയുന്നത് ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

പദ്ധതിയുടെ ഭാഗമായി പതിനാലാം വാർഡിൽ വേണാട്ടു ചിറയിലുള്ള രണ്ട് ഷട്ടർ, പന്ത്രണ്ടാം വാർഡിൽ വേണാട്ടു ചിറ – ആര്യശ്ശേരിക്കടവ് ഭാഗത്തെ രണ്ട് ഷട്ടർ എന്നിവയുടെ മെയിന്റനൻസിനായി 10,77,000/- രൂപ ആലപ്പുഴ ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തി ഓഡിറ്റ് കാലയളവ് വരേയും നടപ്പാക്കിയിട്ടില്ല. ഇതുമൂലം വേലിയേറ്റ സമയത്ത് ശുദ്ധജല സ്രോതസ്സുകളിലേക്ക് ഉപ്പുവെള്ളം കയറി മലിനമാകുന്ന അവസ്ഥ തുടരുന്നു.

ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 09/23-24 /24.08.24 ന് ടെൻഡർ നടപടികൾ പൂർത്തിയായതായി മറുപടി നല്കി. പ്രവർത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 10,77,000/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-24 അങ്കണവാടികൾക്ക് പ്രഷർ കുക്കർ, നെയിം ബോർഡ് വാങ്ങൽ- വിതരണ രേഖകളിൽ അവ്യക്തത

പ്രോജക്ട് നം.	So117/24
പേര്	അങ്കണവാടികൾക്ക് പ്രഷർ കുക്കർ, നെയിം ബോർഡ് വാങ്ങൽ (സ്പിൽ ഓവർ)
അടങ്കൽ/ചെലവ്	72,000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
ബിൽ നം.	BRN2307095 200 9700200350 തീയതി 20.06.2023 തുക 72,000/-രൂപ
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

19 എണ്ണം പ്രഷർ കുക്കറുകളും 7 നെയിം ബോർഡുകളുമാണ് പ്രസ്തുത പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ളത്. ഏതൊക്കെ അങ്കണവാടികൾക്കാണ് ഇവ വിതരണം ചെയ്തിട്ടുള്ളതെന്നതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 31.08.2024) ലഭ്യമാക്കിയ മറുപടിയിൽ വിതരണ രേഖകൾ ഹാജരാക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വെള്ളപേപ്പറിൽ അപ്പോൾ തയ്യാറാക്കിയ ഒരേ കൈപ്പടയിലുള്ള വിതരണ വിവരങ്ങളാണ് ഹാജരാക്കിയത്. വാങ്ങലിന്റെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി സാധനങ്ങൾ കൈപ്പറ്റിയ അങ്കണവാടി ജീവനക്കാരിൽ നിന്ന് കൈപ്പറ്റ് വിവരങ്ങൾ ചേർത്ത് രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽക്കാരണത്താൽ ചെലവ് തുക 72,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-25 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു സ്പിൽ ഓവറും ഒരു തൻ വർഷ പദ്ധതിയുമായി രണ്ടു പദ്ധതികൾ പഠനമുറി നിർമ്മാണത്തിനായി നടപ്പിലാക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ നാളിതുവരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

I) സ്പിൽ ഓവർ പദ്ധതി

പ്രോജക്ട് നമ്പർ, പേര്	Soo 132/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	3,75,000 വികസനഫണ്ട് (എസ്.സി)
	2,00,000 തനത് ഫണ്ട്
ചെലവ്	3,52,223/-വികസനഫണ്ട്

ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക	അവസാനം തുക നൽകിയ തീയതി
വിമല കൊച്ചയ്യത്ത് തെക്കേതിൽ, പുതുപ്പള്ളി	1,50,000	27.06.23

2) തൻ വർഷ പദ്ധതി

പ്രോജക്ട് നമ്പർ,പേര്	107/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി
അടങ്കൽ	30,000 വികസനഫണ്ട് (എസ്.സി)
	75,000(തനത് ഫണ്ട്)
	8,95,000(ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	30,000 വികസനഫണ്ട് (എസ്.സി)
	1,50,000(ജില്ലാ പഞ്ചായത്ത് വിഹിതം)

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക	അവസാനം തുക നൽകിയ തീയതി
1	മഹേന്ദ്രൻ തുണ്ടിൽ ചിറയിൽ, പുതുപ്പള്ളി	90,000	18.03.24
2.	രജിത രാജേഷ് ഭവനം,	30,000	18.03.24

	നോർത്ത് കൊച്ചുമുറി		
3	ദീപ കെ.എം. പുത്തൻവീട്, പുതുപ്പള്ളി	30,000	18.03.24
4	സിന്ധു തോണ്ടലിൽ കിഴക്കേതറ	30,000	18.03.24

പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ-15/30.08.24 നല്കിയതിന് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾ സമയബന്ധിതമായി പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ഇതിനായി ചെലവഴിച്ച 1,80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠനമുറി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകി പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ജലജീവൻ മുഖേന പൈപ്പ് ലൈൻ സ്ഥാപിക്കൽ- റിസ്റ്റോറേഷൻ പ്രവൃത്തികൾ വൈകുന്നു

സുഗമ പോർട്ടൽ വഴി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി അപേക്ഷ നൽകി റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് റിസ്റ്റോർ ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പലറോഡുകളിലും ജലജീവൻ മിഷൻ മുഖേന പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി സുഗമ പോർട്ടൽ വഴി അപേക്ഷ നൽകാതെ പൊളിച്ചിട്ടുണ്ടെന്ന് 08.02.2023 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നം.03/GEN/LID&EW/DVK/23-24 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.കണിയാമുക്ക്-പട്ടശ്ശേരിൽ റോഡ്
2.കളിയിക്കച്ചിറ-പോച്ചയിൽ റോഡ്
3.കുരിശും മൂട്-തഴത്തോട് റോഡ്

ടി റോഡുകൾ നാളിതുവരെ റിസ്റ്റോർ ചെയ്തിട്ടില്ല.

ജല അതോറിറ്റിയുടെ 02.02.2023 ലെ പി.ഡി.എ/എ.എൽ.പി/ജെ.ജെ.എം/117/2019-20 കത്തിൽ വാട്ടർ അതോറിറ്റിയുമായുള്ള കരാർ പ്രകാരം റിസ്റ്റോറേഷൻ വർക്കുകൾ ജലജീവൻ മുഖേന നടപ്പാക്കുമെന്നാണ്. കരാർ പ്രകാരം റോഡുകൾ റിസ്റ്റോർ ചെയ്യുന്ന പ്രവർത്തി പൂർണ്ണമാക്കേണ്ടതും ട്രഞ്ച് ബാക്ക് ഫില്ലിംഗിനുശേഷം അധികമായി കൂട്ടിയിട്ടിരിക്കുന്ന മണ്ണിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പൊതുലേലം മുഖേനയോ/കരാറുകാർക്ക് ലോക്കൽ മാർക്കറ്റ് റേറ്റിൽ വിൽക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

1-27 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ :-Soo84/24
പ്രോജക്ട് :-ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ
നിർവഹണം :- മെഡിക്കൽ ഓഫിസർ(ഹോമിയോ)
അടങ്കൽ :- 200,000/-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
ബിൽ നം :-ബി.ആർ.എൻ നം230709520094006O325 തീയതി 26.09.2023 തുക 200,000/-രൂപ

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 2,00,000/-രൂപ കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, പ്രസ്തുത തുക കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. -34306403911) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ 80,093/-രൂപയുടെ(ഇൻവോയിസ് നം. എൽ എഫ് -584/24-25/08.07.24) മരുന്നുകൾ മാത്രമേ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളു. ബാക്കി തുകയുടെ (1,19,907/-രൂപയുടെ) മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോയെന്നത് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി 22.08.2024) മരുന്നുകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ കത്ത് മുഖേനയും ഫോൺകാൾ

വഴിയും നിരവധി അറിയിപ്പുകൾ ഹോംകോയ്ക്ക് നൽകിയിട്ടുള്ളതാണെന്നും ബാക്കി മരുന്നുകൾ ഉടൻ ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി. മരുന്നുകൾ ഡിസ്പെൻസറിക്ക് പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 1,19,907/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രോജക്ട് നം./ പേര്	100/പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	13,00,000 (എം ജി എൻ ആർ) 2,00,000 (തനതു ഫണ്ട്)
ചെലവ്	14,99,751
സാങ്ഷൻ നം.	84/11.10.2023- 1300000 405/24.03.2024- 199751
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.സി.എൽ. ന് അഡ്വാൻസായി നല്കിയ 13,00,000/- രൂപയിൽ ഇനി 7,24,216/- രൂപയുടെയും തനതു ഫണ്ടിൽ നിന്നും നല്കിയ 1,99,751/- രൂപയുടെയും മരുന്ന് ലഭിക്കാനുണ്ട്.

മരുന്ന് സമയബന്ധിതമായി ലഭിക്കാതിരുന്നതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം.5 / 23-224/24.08.24 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യത പൂർണ്ണമല്ലാത്തതിനാൽ 9,23,967/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 കൃത്യമായ ബില്ലിന്റെ അഭാവത്തിൽ ഭക്ഷണത്തിനുള്ള തുക അനുവദിക്കുന്നു

മെഡിക്കൽ ഓഫീസർ 2023-24 വർഷം നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഹോം കെയർ ടീമിനുള്ള ഭക്ഷണത്തിന്റെ തുക ചില ദിവസങ്ങളിൽ 320/- രൂപ നിരക്കിലും മറ്റു ദിവസങ്ങളിൽ 240/- രൂപ നിരക്കിലും ശ്രീമതി അമ്പിളി, ഓംകാരം എന്ന വ്യക്തിയ്ക്ക് അനുവദിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ശ്രീമതി അമ്പിളിയുടെ അക്കൗണ്ടിലേക്ക് നല്കുന്നതിനു പകരം പാലിയേറ്റീവ് കെയർ നേഴ്സിന്റെ അക്കൗണ്ടിലേക്കാണ് അനുവദിച്ചിരിക്കുന്നത് എന്ന് ട്രഷറി ബില്ല് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഒരോ ദിവസവും ഹോം കെയർ ടീമിലുണ്ടായിരുന്ന അംഗങ്ങളുടെ എണ്ണത്തിനനുസരിച്ചല്ലാതെയും ഒറ്റ നിരക്കിലും ഹോട്ടൽ ബില്ലിന്റെ അഭാവത്തിലുമാണ് തുക അനുവദിച്ചിരിക്കുന്നത്.

ശ്രീമതി അമ്പിളി ഭക്ഷണം തയ്യാറാക്കി വിൽപ്പന നടത്തുന്നതിനായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും തുക പാലിയേറ്റീവ് നേഴ്സിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചതിന് വിശദീകരണവും ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.07/23-24/24.08.24 ന് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ ബില്ലിന്റെ അഭാവത്തിൽ കൈപ്പറ്റു രസീത് മാത്രം ഹാജരാക്കി തുക അനുവദിക്കുന്നത് ഉചിതമായ നടപടിയല്ല. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-30 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും, പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ

അതിരൂക്ഷമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2) ഹരിത കർമ്മ സേനയുടെ പ്രവർത്തനം

പഞ്ചായത്തിനെ പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്നും മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2017 കാലയളവിൽ 30 അംഗങ്ങൾ ഉള്ള ഹരിത കർമ്മ സേന രൂപീകരിച്ച് സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനെ കൺസൾട്ടൺസി ആയി നിശ്ചയിക്കുകയും ചെയ്തു. 2017 ൽ കൺസോർഷ്യവും രൂപീകരിച്ചിട്ടുണ്ട്.

ജൈവവും, അജൈവവുമായ മാലിന്യങ്ങൾ വാതിൽപ്പടിയിൽ നിന്നും ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള പരിശീലനം ഹരിത കർമ്മ സേനാംഗങ്ങൾക്കും, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന അവബോധം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ളവർക്ക് ഉണ്ടാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനായി യൂസർ ഫീ ആയി വീടുകളിൽ നിന്നും നിലവിൽ 50/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/-രൂപയും ഈടാക്കുന്നു .
10 വാർഡുകളിൽ രണ്ട് മിനി എം.സി.എഫും ബാക്കി 5 വാർഡുകളിൽ 1 എം സി എഫ് വീതവും ആയി ആകെ 25 എം സി എഫുകൾ പ്രവർത്തിക്കുന്നു. എം സി എഫ് ൽ സംഭരിക്കുന്ന അജൈവ മാലിന്യം ക്ലീൻ കേരള മിഷന് കൈമാറുന്ന പ്രവർത്തി കൃത്യമായി നടന്നു വരുന്നു. അജൈവ മാലിന്യം വിൽപ്പന നടത്തിയ ഇനത്തിൽ ലഭിക്കുന്ന തുക ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇഒ, കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3) പരിശീലനം ലഭിച്ചതിന്റെ വിവരം

ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക് സമൂഹത്തിന് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, ഇവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയിൻ, ജൈവ - അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുക എന്നിവയുമായി ബന്ധപ്പെട്ട് ഐ.ആർ.ടി.സി. മുഖേന പരിശീലനം നൽകിയിരുന്നു. 2023 ഓഗസ്റ്റ് 7 മുതൽ 14 വരെ ഒന്നാം ഘട്ടവും 2023 സെപ്റ്റംബർ 7 മുതൽ 14വരെ രണ്ടാം ഘട്ടവുമായി കുടുംബശ്രീ സംവിധാനത്തിലൂടെ തുണി മാലിന്യം റീ സൈക്കിൾ ചെയ്ത് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നേടുകയും സർക്കാരിൽ നിന്നും അതിനായി പ്രത്യേക പരാമർശം നേടുകയും ചെയ്തിട്ടുണ്ട്.

4) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 5354 വീടുകളും 465 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഏകദേശം 4838 വീടുകളും 409 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. വാർഡുകളെ 2 റീജിയൻ ആക്കി തിരിച്ച് കെട്ടിടങ്ങളെ 73 ക്ലസ്റ്റർ ആക്കി അതിൻ പ്രകാരം വാതിൽപ്പടി ശേഖരണം നടത്തി വരുന്നു. പ്രതിമാസം ശരാശരി 4 മുതൽ 6 ടൺ വരെ മാലിന്യം ശേഖരിക്കപ്പെടുന്നു. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ വേർതിരിക്കുകയും റീസൈക്ലിംഗ് ചെയ്യാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. മിനി എം സി എഫുകളിൽ നിന്നും പ്രധാന എം സി എഫിൽ മാലിന്യം എത്തിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 കാലയളവിൽ ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട് . ഇത് കൃത്യമായി ഉപയോഗിക്കുന്നു.
ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ്

മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കേണ്ടതാണ്.

5) ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം

കൃത്യ സമയത്തു തന്നെ മാലിന്യങ്ങൾ കയ്യൊഴിയുന്നതിനാൽ ലെഗസി വേസ്റ്റിന്റെ പ്രശ്നം പഞ്ചായത്തിനെ ബാധിക്കുന്നില്ല.

6) **മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ അപര്യാപ്തത**

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം ആറു ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇവ സൂക്ഷിക്കുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ അപര്യാപ്തമാണ്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 10 വാർഡുകളിൽ 2 മിനി എം സി എഫും 5 വാർഡുകളിൽ 1 മിനി എം.സി.എഫും പഞ്ചായത്ത് തലത്തിൽ 1800 ച.അടി വിസ്തീർണ്ണമുള്ള ഒരു സ്ഥിരം എം.സി.എഫ് ഉണ്ട്. ഇവിടെ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുള്ളതിനാൽ മാലിന്യങ്ങൾ വളരെ വേഗത്തിൽ ക്രമീകരിച്ച് കയ്യൊഴിയുവാൻ സാധിക്കുന്നു.

7) **ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം**

പഞ്ചായത്തിലെ 29 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് തുണി സഞ്ചി നിർമ്മാണം, ഇനോക്കുലം നിർമ്മാണം, ക്ലീനിംഗ് യൂണിറ്റ് എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇനോക്കുലം നിർമ്മാണം, ക്ലീനിംഗ് യൂണിറ്റ് എന്നിവയ്ക്ക് ആവശ്യമായ വർക്ക് ഓർഡർ ഏറ്റെടുത്തു വരുന്നു. തുണി സഞ്ചി നിർമ്മാണവും പുരോഗമിക്കുന്നുണ്ട്. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 12,000/- രൂപ വേതനം ലഭിക്കുന്നു.

8) **ഓഡിറ്റിന്റെ നിഗമനം / ശുപാർശ**

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

B) ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.

C) ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ച് ഓരോ വാർഡിലും ആവശ്യമായ എണ്ണം മിനി എം.സി.എഫുകളും പഞ്ചായത്ത് തലത്തിൽ സംഭരണ ശേഷി കൂടിയ എം.സി.എഫുകളും സ്ഥാപിക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

D) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. തുണി സഞ്ചികൾ, പേപ്പർ ക്യാരി ബാഗുകൾ എന്നിവയുടെ ഉൽപ്പാദനവും ഉപയോഗവും പരമാവധി പ്രോത്സാഹിപ്പിക്കുക.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 മേൽത്തരം തറ നിർമ്മിതി പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് വഴി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം-6 പട്ടിക 6 പ്രകാരം 250 ച.മീറ്ററിലധികം മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ 250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള ചുവടെ ചേർക്കുന്ന വാണിജ്യാവശ്യ കെട്ടിടങ്ങളെ മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് ആയതിന് അനുസൃതമായ നികുതി വർദ്ധനവ് നൽകുവാനാകാത്തത് ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കുന്നുണ്ട്. ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമയുടെ പേര്	കെട്ടിട നം. ഉപയോഗക്രമം	വിസ്തൃതി (ച.മീ)	അടിസ്ഥാന വസ്തുനികുതി	ഉൾപ്പെടുത്തേണ്ട വർദ്ധനവ്
1	വിശാന്ത് വി., കൺമണിയിൽ	3/72 A വാണിജ്യാവശ്യം	276.93	20769.75	3115.458
2	വിശാന്ത് വി., കൺമണിയിൽ	3/72 B* വാണിജ്യാവശ്യം	193	14475	2171.25
3	വി.മജീദ്, മനയമനക്കാട്	4/511 ഓഡിറ്റോറിയം	116o	34800	5220
					10506.708

കെട്ടിടങ്ങളുടെ തറനിർമ്മിതി സംബന്ധിച്ച് ഫീൽഡ് തല പരിശോധന നടത്തി ഈ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചാണെന്നും വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കുന്നതാണെന്നും റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 18 തീയതി 30.08.2024 മുഖാന്തിരം)
((ക്രമ നം-1, 2 എന്നിവ ഒരു കെട്ടിടത്തിന്റെ ഭാഗവും ഒരേ ഉപയോഗക്രമവുമാണ്. ഉടമയുടെ ആവശ്യപ്രകാരം വ്യത്യസ്ത നമ്പരുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 250 ച.മീറ്ററിൽ കുറവുള്ള 3/72 B ക്ക് മേൽത്തരം തറ നിർമ്മിതി ഡേറ്റാബേസിൽ ഉൾപ്പെടുത്തിയാലും വർദ്ധനവ് ഉൾപ്പെട്ട് സോഫ്റ്റ് വെയറിൽ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യമുണ്ട്. വിഷയം IKM അധികാരികളുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ്.)
വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം കുറവ് വന്ന തുക 10,507 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	3,99,570	പാലിയേറ്റീവ് കെയർ	3,99,570	0
		15,60,000	ലൈഫ് (എസ് സി പി)	15,60,000	0
		15,80,000	ലൈഫ് (ജനറൽ)	15,80,000	0
		1,25,000	അനുപൂരക പോഷകാഹാരം	1,25,000	0

		1,13,050	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	1,13,050	0
		10,85,716	പാലിന് സബ്സിഡി	10,85,716	0
		21,084	ബഡ് സ്ക്കൂൾ കുട്ടികൾക്ക് ഭക്ഷണം	21,084	0
		1,32,797	ബഡ് സ്ക്കൂൾ നടത്തിപ്പ്	1,32,797	0
		1,00,000	അഗതി രഹിത കേരളം-ആശ്രയ അധിക വിഹിതം	1,00,000	
ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം		51,17,217		51,17,217	
ജില്ലാ പഞ്ചായത്ത്	2023-24	9,60,000	ലൈഫ് (എസ് സി പി)	9,60,000	0
		1,38,500	അനുപൂരക പോഷകാഹാരം	1,38,500	0
		48,700	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	48,700	0
		8,40,000	ലൈഫ് (ജനറൽ)	8,40,000	0
		2,00,000	ആശ്രയ	2,00,000	0
		75,000	പാലിന് സബ്സീഡി	75,000	0
		1,50,000	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	1,50,000	0
		2,00,000	അങ്കണവാടി കെട്ടിട നിർമ്മാണം (വാർഡ് 11)	2,00,000	0
ആകെ ജില്ലാപഞ്ചായത്ത് വിഹിതം		26,12,200		26,12,200	

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക

ജലസേചന വകുപ്പ്, ആലപ്പുഴ	ശുദ്ധ ജല സംരക്ഷണത്തിനുള്ള ഷട്ടറുകളുടെ മെയിന്റനൻസ്	341/22.03.24-650000 441/27.03.24-375400 ചെക്ക് നം.0063005-തീയതി 27.03.2024 -51,600/-(തനതു ഫണ്ട്)	10,77,000	0	10,77,000
കേരള വാട്ടർ അതോറിറ്റി	വാട്ടർ ടാപ്പ് ഡിസ്കണക്ഷൻ	3826952 / 22.05.2023	1,37,800	1,37,800	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ 36,60,000 രൂപയുടെ വരവുണ്ട്. ലോൺ തുകയിൽ 3,60,000 രൂപ ചെലവഴിക്കുവാൻ ബാക്കിയുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവനവായ്പ	GO(Rt)682/2022 Dtd 12.10.2022 GO(Rt) 1049/2023 Dtd 13.12.2023	77,93,153	36,60,000	15,77,876		98,75,277

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	: 26,17,34,349/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	: 26,12,64,537/-
വരവിനങ്ങളിലുള്ള നഷ്ടം	: 10,507/-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	: ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	: 24,12,774/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
2-1	10,507/-	ശ്രീ.പോൾ വി.ജെ., സെക്രട്ടറി
ആകെ	10,507/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
1-22	39,900/-	ഡോ.ധന്യ ആർ. തങ്കം, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി
1-23	10,77,000/-	ശ്രീ.പോൾ വി.ജെ., സെക്രട്ടറി
1-24	72,000/-	ശ്രീമതി ദേവു വി.വി., ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-25	1,80,000/-	ശ്രീ.സുഭാഷ് ബാബു ബി., അസിസ്റ്റന്റ്സെക്രട്ടറി
1-27	1,19,907/-	ഡോ.ബാലലക്ഷ്മി വി., മെഡിക്കൽ ഓഫിസർ, ഹോമിയോ
1-28	(I)7,24,216/- (II)1,99,751/-	(I)ഡോ.ധന്യ ആർ, തങ്കം, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. (II)ഡോ.അഗസ്റ്റിൻ എൽ., മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
ആകെ	24,12,774	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	മേൽവിലാസം
ശ്രീ.പോൾ വി.ജെ., സെക്രട്ടറി	സെക്രട്ടറി, ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്	വട്ടത്തിൽ വീട്, വട്ടയാൽ വാർഡ്, ആലപ്പുഴ

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	മേൽവിലാസം
ഡോ.ധന്യ ആർ. തങ്കം, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്	നാരായണീയം, നങ്ങ്യാർകുളങ്ങര പി.ഒ., ആലപ്പുഴ
ഡോ.അഗസ്റ്റിൻ എൽ. മെഡിക്കൽ ഓഫിസർ എഫ്.എച്ച്.സി	മെഡിക്കൽ ഓഫിസർ, ഇ എസ് ഐ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ,ബാംഗ്ലൂർ	ചെറുക്കര,ചിറ്റഴ,വട്ടപ്പാറ പി.ഒ., തിരുവനന്തപുരം-695028
ശ്രീമതി ദേവു വി.വി., ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ, ദേവികുളങ്ങര	ദേവി നിവാസ്, ഈന്തിവിള, ഓലത്താനി, നെയ്യാറ്റിൻകര പി.ഒ., തിരുവനന്തപുരം
ഡോ.ബാലലക്ഷ്മി വി. മെഡിക്കൽ ഓഫിസർ ഹോമിയോ	മെഡിക്കൽ ഓഫിസർ ഹോമിയോ ദേവികുളങ്ങര	കാർത്തിക, പുല്ലിക്കര പി.ഒ., കൊല്ലം-691304
ശ്രീ.സുഭാഷ് ബാബു ബി. അസിസ്റ്റന്റ്സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്	ഭാരതാസദനം മേനാപ്പള്ളി, പത്തിയൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
1996-97	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
1997-98	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2000-01	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2001-02	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2002-03	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2003-04	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022

	തീയതി 28.04.23
2004-05	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2005-06	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2006-07	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2007-08	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2008-09	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2009-10	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2010-11, 2011-12, 2012-13	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2013-14	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2014-15	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2015-16	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2016-17	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2017-18	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2018-19	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23 തീയതി 10.10.2019
2019-20	കെ.എസ്.എ-എ.എൽ.പി/പി11-749/2021 തീയതി 27.09.2021
2020-21	കെ.എസ്.എ-എ.എൽ.പി/പി11-750/2021 തീയതി 27.09.2021
2021-22	എ.എൽ.പി/പി11-1369/2022 തീയതി 04.11.2022
2022-23	എ.എൽ.പി/പി11-1092/2023 തീയതി 03.10.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 8 dated 8 dated 25-05-2024 and submitted on 07-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Devikulangara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Devikulangara Grama Panchayat as on 31-03-2024

Date: 04/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Devikulangara Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1.Statement such as Notes on accounts,ratios etc., are not included along with AFS as per rules.
2.Since the Asset register is not value based,the accuracy of figures depicted in the corresponding head of Account in AFS cannot be ensured.
3.The Accrual demand entries such as property tax,licence fees, institution tax etc., are not taken in the opening of the current Year.
4.Accuracy of dues to Government not monitored through AFS.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്